II ഇ.ബി. XIII- കേരള നിയമസഭ/V-4

# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

2012 ജൂൺ 14, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ മലപ്പുറം ജില്ലയിൽ നടന്ന ഇരട്ട ക്കൊലക്കേസ്സിലെ പ്രതിയെ അറസ്റ്റുചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ നടുത്ത ളത്തിനടുത്തു വന്ന് മുദ്രാവാക്യം വിളിക്കുകയും പ്രതിപക്ഷ നേതാവിന് സംസാരിക്കാൻ അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് ബഹളം വയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു.)

13 (*91) <u>സർവ്വശിക്ഷാ അഭിയാൻ പുതിയ പദ്ധതികൾ</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) നൽകിയ മറുപടിയിൽ, സർക്കാർ വിദ്യാലയങ്ങളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ പെൺകുട്ടികൾക്കും എസ്.സി/എസ്.ടി., ബി.പി.എൽ. എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ആൺകുട്ടികൾക്കും സൗജന്യമായി രണ്ട് സെറ്റ് യൂണിഫോം വീതം നൽകുന്ന പുതിയ പദ്ധതിയും 1806 സ്കൂളു

കൾക്ക് ശിശു സൗഹൃദ വിദ്യാലയങ്ങൾ ഒരുക്കുന്നതിന് 18.06 കോടി രൂപ യുടെ പദ്ധതിയും എസ്.എസ്.എ. മുഖേന നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. എസ്.എസ്.എ. മാനദണ്ഡമനുസരിച്ച് എയ്ഡഡ് സ്കൂളുകൾക്ക് കമ്പ്യൂട്ടറുകളും മറ്റ് പശ്ചാത്തല സൗകര്യങ്ങളും ഒരുക്കി ക്കൊടുക്കാൻ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ മാനദ ണ്ഡങ്ങൾ അനുശാസിക്കുന്നില്ല. ടീച്ചർ തസ്തികകളിലെ നിയമനം നട ത്താത്തതിനാൽ സർവ്വശിക്ഷാ അഭിയാന് അനുവദിച്ച തുക മുഴുവനും ചെല വഴിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ഈ അദ്ധ്യയന വർഷം സ്കൂളിൽ ചേരുന്ന കുട്ടികളുടെ അനുപാതം എൽ.പി./യു.പി. സ്കൂളുകളിൽ യഥാക്രമം 1:30, 1:35 എന്ന രീതിയിൽ പൂർത്തിയാകുമ്പോൾ മാത്രമേ നിയമനങ്ങൾ നടത്താൻ കഴിയുകയുള്ളൂവെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(ചോദ്യകർത്താക്കൾ സീറ്റിലില്ലാതിരുന്നതിനാൽ 92-ാം നമ്പർ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.)

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിക്കു കയും ബഹളം വയ്ക്കുകയും ചെയ്തുകൊണ്ടിരുന്നതിനാൽ 8.33-ന് ചോദ്യോത്തരവേള സസ്പെൻഡ് ചെയ്യുന്നതായി ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.)